# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**കെ. എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: **0481- 2731020, 2732650,**
മൊബൈൽ: **9846720402**

പി.ആർ.ഒ/36/11/2018 2018 ജനുവരി 12

## പത്രക്കുറിപ്പ്

### സിൻഡിക്കേറ്റ് യോഗ തീരുമാനങ്ങൾ

### പി.ജി. പാഠ്യപദ്ധതി പരിഷ്ക്കരിക്കും

(1) എം.ജി. സർവ്വകലാശാലയിലെ അഫിലിയേറ്റഡ് കോളേജുകളിലെ ബിരുദാനന്തര ബിരുദപഠനത്തിന്റെ പാഠ്യപദ്ധതിയും സിലബസും 2018 - 19 അക്കാദമിക വർഷം മുതൽ പരിഷ്ക്കരിക്കും.

(2) എം.ജി. സർവ്വകലാശാലയിൽ ആരംഭിക്കുന്ന സിവിൽ സർവ്വീസ് പരിശീലന ഇൻസ്റ്റിറ്റ്യൂട്ടിൽ വിദ്യാർത്ഥികളുടെ പ്രവേശനത്തിന് വിജ്ഞാപനം പുറപ്പെടുവിച്ചു. 60 വിദ്യാർത്ഥികൾക്ക് മത്സരപരീക്ഷയുടെ അടിസ്ഥാനത്തിൽ പ്രവേശനം ലഭിക്കും. രാജ്യത്തെ പ്രമുഖരായ സിവിൽ സർവ്വീസ് പരിശീലകരെയും റാകുജേതാക്കളെയും പരിശീലനത്തിനായി നിയോഗിക്കും. അഫിലിയേറ്റഡ് കോളേജുകൾ, സർവ്വകലാശാലകൾ എന്നിവിടങ്ങളിലെ വിദ്യാർത്ഥികൾക്കും പൂർവ്വവിദ്യാർത്ഥികൾക്കും കുറഞ്ഞ ചെലവിൽ പരിശീലനത്തിന് അവസരമുണ്ടായിരിക്കും. പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക വിദ്യാർത്ഥികൾക്ക് ഫീസിളവും ലഭ്യമാകും.

(3) സർവ്വകലാശാലാ നിയമങ്ങളും ചട്ടങ്ങളും ലംഘിക്കുന്ന അഫിലിയേറ്റഡ് കോളേജുകൾക്കെതിരെ നടപടി കൈക്കൊള്ളുന്നതിന് സിൻഡിക്കേറ്റ് ലീഗൽ ഉപസമിതിയെ ചുമതലപ്പെടുത്തി.

(4) സർവ്വകലാശാലാ ഫണ്ട് ദുരുപയോഗം, സാമ്പത്തിക അച്ചടക്കമില്ലായ്മ, കൃത്യനിർവ്വഹണത്തിൽ വീഴ്ച എന്നിവ കണ്ടെത്തിയതിനെത്തുടർന്ന് സർവ്വകലാശാലാ കായികപഠനവകുപ്പ് മേധാവി ഡോ. ബിനു ജോർജ്ജ് വർഗ്ഗീസിനെ സസ്പെൻഡ് ചെയ്യാൻ തീരുമാനിച്ചു. ഈ വിഷയത്തിൽ വിശദമായ അന്വേഷണത്തിന് സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ. ആർ പ്രഗാഷ്, പ്രൊഫ. ടോമിച്ചൻ ജോസഫ് എന്നിവരെ ചുമതലപ്പെടുത്തി.

(5) 4 ഗവേഷകർക്ക് പി.എച്ച്.ഡി. ബിരുദം നൽകും.

സിൻഡിക്കേറ്റ് യോഗത്തിൽ വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ അദ്ധ്യക്ഷത വഹിച്ചു.

### പരീക്ഷാ തീയതി

ഒന്നാം സെമസ്റ്റർ ബി.വോക് (2017 അഡ്മിഷൻ റഗുലർ & 2014, 2015, 2016 അഡ്മിഷൻ ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകൾ ജനുവരി 23ന് ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

### പരീക്ഷാഫലം

2017 നവംബർ മാസത്തിൽ അഫിലിയേറ്റഡ് കോളേജുകളിലെയും സെന്റർ ഫോർ പ്രൊഫഷണൽ ആന്റ് അഡ്വാൻസ്ഡ് സ്റ്റഡീസിനു കീഴിലുള്ള സ്ഥാപനങ്ങളിലും നടത്തിയ ആറാം സെമസ്റ്റർ എം.സി.എ. (റഗുലർ/ലാറ്ററൽ എൻട്രി/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. സെന്റ് ഗിറ്റ്സ് കോളേജിലെ സൂസൻ വർഗ്ഗീസ്, രഞ്ജിത്ത് നായർ, അന്ന സൂസൻ മോൻസി എന്നിവർ ലാറ്ററൽ എൻട്രിയിലും കോലഞ്ചേരി ശ്രീനാരായണ ഗുരുകുലം എഞ്ചിനീയറിംഗ് കോളേജിലെ അരുൺ ജോയി, കോതമംഗലം എം.എ. കോളേജ് ഓഫ് എഞ്ചിനീയറിംഗിലെ ബി. അനീഷ്, ചെത്തിപ്പുഴ ക്രിസ്തുജ്യോതി കോളേജ് ഓഫ് മാനേജ്മെന്റ് ആന്റ് ടെക്നോളജിയിലെ ഫൗസിയ സലിം എന്നിവർ റഗുലർ പരീക്ഷയിലും യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി.

2017 മാർച്ചിൽ നടന്ന നാലാം സെമസ്റ്റർ ബി.എസ്.സി. മോഡൽ - 3 സൈബർ ഫോറൻസിക് (റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജനുവരി 23 വരെ അപേക്ഷിക്കാം.

**പ്രൊജക്ട് റിസർച്ച് അസിസ്റ്റന്റ് / റിസർച്ച് ഫെല്ലോയുടെ ഒഴിവ്**

ബയോ മെഡിക്കൽ ഗവേഷണത്തിനായുള്ള അന്തർസർവ്വകലാശാലാ കേന്ദ്രത്തിൽ പ്രോജക്ട് റിസർച്ച് അസിസ്റ്റന്റുമാരുടെയും, പ്രോജക്ട് റിസർച്ച് ഫെല്ലോമാരുടെയും ഒഴിവിലേക്ക് അപേക്ഷകൾ ക്ഷണിക്കുന്നു. കൂടുതൽ വിവരങ്ങൾ www.iucbr.ac.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**